# പത്രക്കുറിപ്പ്

## അയർക്കുന്നം മോഷണക്കേസ്



**പ്രതികൾ;**

1. ശെൽവരാജ് (50) (Arrested)
   രാജാ ബൈസ്കൂളിനു പിൻവശം,
   ശിവഗംഗാ ടൌൺ.
2. രാജ്കുമാർ (21) (Arrested)
   സിക്കൽ ഗ്രാമം
   സായിക്കുടി, രാമനാഥപുരം.
3. അരുൺരാജ് (24) (ഒളിവിൽ കഴിയുന്നു)
   സിക്കൽ ഗ്രാമം
   സായിക്കുടി, രാമനാഥപുരം

മോഷണം നടന്ന വീടുകൾ.

റോയി P.K, തെക്കേചേനക്കൽ വീട്, നീറിക്കാട്,
മോഹനൻ T.N, ഇലവുങ്കൽ വീട്, നീറിക്കാട്
കുഞ്ഞുമോൻ, ഇടപ്പള്ളി വീട്.
ടിജോ കുരുവിള, പായിത്തറ വീട്, അമയന്നൂർ കര ( Bike )

**ശെൽവരാജ്** ഇടുക്കി ജില്ലയിൽ, കുമളി, കമ്പംമെട്ട്, നെടുംകണ്ടം എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ 1997 ൽ നടത്തിയ വിവിധ മോഷണക്കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട് പൂജപ്പുര, വിയ്യൂർ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് 2012 ൽ പുറത്തിറങ്ങി.ഇവയെല്ലാം വീടിന്റെ വാതിൽ തകർത്തു അകത്തു കയറി നടത്തിയ മോഷണങ്ങളാണ്. അതിനുശേഷം 4 വർഷത്തോളം ശിവഗംഗയിൽ മോഷണങ്ങൾ നടത്തിയതിൽ 8 കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നു. പ്രതികൾ മൂവരും അടുത്ത ബന്ധുക്കളാണ്.

ശിവഗംഗയിലുള്ള സെൽവരാജന്റെ വീട്ടിൽ നാലാം തീയതിയി ഒത്തുചേർന്ന് പദ്ധതി തയ്യാറാക്കി അഞ്ചാം തീയതി വൈകിട്ട് കോട്ടയത്തെത്തി നാഗമ്പടം BevCo. യിൽ നിന്ന് മദ്യം വാങ്ങി ഉദ്ദേശം 8 മണിയോട്ടു കൂടി ഏറ്റുമാനൂർ വഴിയുള്ള ബസ്സിൽ കയറി നീറിക്കാടിനു സമീപം ഇറങ്ങി അവിടെ ഒരു റബ്ബർതോട്ടത്തിൽ കയറി ഒളിച്ചിരുന്നു. തുടർന്ന രാത്രി 12.30 ഓടു കൂടി റോയി P.K, തെക്കേചേനക്കൽ വീട്, നീറിക്കാട്,എന്നയാളുടെ വീടിന്റെ പുറകിലത്തെ വാതിലിന്റെ ഇടയ്ക്ക് തടിക്കഷണം ഉപയോഗിച്ച് തിക്കി കതക് പൊളിച്ച് അകത്ത് കയറുകയും ശബ്ദം കേട്ടുണർന്ന വീട്ടുടമസ്ഥനെ ഉപദ്രവിച്ച് ഭാര്യ ഡെയ്സിയുടെ രണ്ടര പവന്റെ മാല പൊട്ടിക്കുകയും,ഇതിന് തടസ്സം നിന്ന ഇവരെ സമീപത്തെ വീട്ടിൽ നിന്ന് കൈക്കലാക്കിയ അരിവാൾ ഉപയോഗിച്ച് രാജ്കുമാർ വെട്ടി പരിക്കേൽപ്പിച്ചു. അവിടെ നിന്നും ഇറങ്ങി ഓടി തൊട്ടടുത്ത മോഹനൻ T.N, ഇലവുങ്കൽ വീട്, നീറിക്കാട്. എന്ന വ്യക്തിയുടെ വീട്ടിലും സമാനരീതിയിൽ വാതിൽ തകർത്തുകയറി, എന്നാൽ വീട്ടുകാർ ഉണർന്നപ്പോൾ അവിടെ നിന്നും ഓടി മൂന്നാമത് കുഞ്ഞുമോൻ, ഇടപ്പള്ളി വീട്. എന്ന വ്യക്തിയുടെ വീട്ടിൽ കയറി ഇതേ രീതിയിൽ വീട്ടുകാരെ ഉപദ്രവിച്ച് മാല പൊട്ടിച്ചു കൈക്കലാക്കി.

മോഷണ വിവരമറിഞ്ഞ് അയർക്കുന്നം SHO ചാർജ്ജുള്ള ശ്രീ. ഷാജൻ സ്ഥലത്തെത്തുകയും ഉടൻ കോട്ടയം DySP ശ്രീ. സക്കറിയ മത്യൂ, ജില്ലാ നൈറ്റ് പട്രോള്ളിഗ് ചാർജ്ജിലുള്ള Dy SP നാർക്കോട്ടിക് സെ ൽ K M സജീവ്, CI കടുത്തുരുത്തി K P ടോംസൻ, വെസ്റ്റ് CI ശ്രീ. നിർമൽ ബോസ് എന്നിവരെ അറിയിക്കുകയും കൂടാതെ ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ N. രാമചന്ദ്രൻ IPS ന്റെ നിർദ്ദേശപ്രകാരം കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ SHOചാർജ്ജ് വഹിക്കുന്ന ASP ചൈത്ര തെരേസാ ജോൺ , വെസ്റ്റ് പോലീസ് സ്റ്റേഷൻ SHO അരുൺ M J , ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ SHO പ്രശാന്ത്കുമാർ, ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ SHO ഷിബു M S, മണർകാട് പോലീസ് സ്റ്റേഷൻ SHO അനൂപ് ജോസ് എന്നിവരും മറ്റ് SI മാരും പട്രോളിംഗ് ടീമും സ്ഥലത്തെത്തി തിരച്ചിലിൽ പങ്കെടുത്തു. ജില്ലാ പോലീസ് മേധാവിയുടെ ഷാഡോ ടീമംഗങ്ങളായ SI P.V. വർഗ്ഗീസ്, ASI മാരായ അജിത്ത്, ഷിബുക്കുട്ടൻ, എന്നിവരും CPO മാരായ ബിജു മോൻ ,സജികുമാർ, ശ്യാം നായർ, ഷെജി മോൻ, സിനോയി, ബൈജു, K.S അഭിലാഷ് എന്നീ ഷാഡോ

ടീമംഗങ്ങൾ അവരവരുടെ സ്വന്തം വാഹനങ്ങളിൽ സ്ഥലത്തെത്തി തിരച്ചിലിൽ പങ്കെടുത്തു.

മോഷ്ടാക്കൾ അടുത്ത വീട് ലക്ഷ്യമിട്ടെങ്കിലും നാട്ടുകാരും പോലീസും സ്ഥലത്തെത്തിയതിനാൽ അവിടെ നിന്നോടി കുറെ ദൂരെയുള്ള ഒരു വയലിൽ പതുങ്ങി ഇരുന്നു. ആളും ബഹളവും ശമിച്ചപ്പോൾ അവിടെ നിന്നും ഇറങ്ങി, ടിജോ കുരുവിള, പായിത്തറ വീട്, അമയന്നൂർ കര എന്ന വ്യക്തിയുടെ മുറ്റത്തിരുന്ന ബൈക്ക് കയ്യിൽ കരുതിയിരുന്ന അരിവാൾ ഉപയോഗിച്ച് വയർ കട്ട് ചെയ്ത് സ്റ്റാർട്ട് ആക്കി കുറച്ച് ദൂരം മുന്നോട്ട പോയി, പ്രസ്തുത അരിവാൾ വെള്ളക്കെട്ടിൽ ഉപേക്ഷിച്ചു. ഈ സമയം അയർക്കുന്നം പോലീസ് സ്റ്റേഷന്റെ പട്രോളിംഗ് വാഹനം പരിശോധന നടത്തുന്നത് കണ്ട് ബൈക്ക് ഉപേക്ഷിച്ച് മൂവരും ഇറങ്ങിയോടുന്ന സമയം ആ പ്രദേശത്ത് പരിശോധന നടത്തിക്കൊണ്ടിരുന്ന കോട്ടയം DySP യുടെ മുന്നിൽ അകപ്പെട്ടുകയും കോട്ടയം DySP യും ഡ്രൈവർ CPO രാധാകൃഷണനും കുടി അവരെ പിടികുടുകയായിരുന്നു. പോലീസ് വാഹനം മാറ്റിയിട്ട് മഫ്റ്റിയിൽ നിന്ന പോലീസ് പാർട്ടിയെ തിരിച്ചറിയാതിരുന്ന മോഷ്ടാക്കൾ മുന്നിൽ അകപ്പെട്ടുകയും അതിൽ രണ്ടുപേർ പിടിയിലാവുകയുമായിരുന്നു (ശെൽവരാജ്,രാജ്കുമാർ). ഇവരെ ചോദ്യം ചെയ്തപ്പോൾ പരസ്പരവിരുദ്ധമായി സംസാരിക്കുകയും തേനി, മധുര ജില്ലക്കാരാണെന്നു പറയുകയും ചെയ്തു. ഈ വിവരം ശരിയാണോയെന്ന് പരിശോധിക്കുന്നതിന് ബഹു. കോട്ടയം ജില്ലാ പോലീസ് മേധാവി ശ്രീ.എൻ.രാമചന്ദ്രൻ ഐ.പി.എസ് മധുര സിറ്റി പോലീസ് കമ്മീഷണർ, തേനി ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവരുമായി ബന്ധപ്പെട്ട് വിലാസവും മറ്റും പരിശോധിച്ചതിൽ ഇവർ പറഞ്ഞ കാര്യങ്ങൾ കളവാണെന്ന് ബോധ്യപ്പെട്ടുകയും തുടർന്ന് നടത്തിയ വിശദമായ ചോദ്യം ചെയ്യലിൽ ഇവരുടെ യഥാർത്ഥ വിലാസം മനസ്സിലാകുകയും (ശിവഗംഗ, രാമനാഥപുരം) അപ്പോൾ തന്നെ ശിവഗംഗ SP, രാമനാഥപുരം SP എന്നിവരുമായി ബഹു. കോട്ടയം ജില്ലാ പോലീസ് മേധാവി ബന്ധപ്പെട്ടുകയും പരിശോധനയിൽ പ്രതികളുടേത് യഥാർത്ഥ വിലാസമാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

ഇവരെ വിശദമായി ചോദ്യം ചെയ്തതിലൂടെ കോട്ടയം ജില്ലയിൽ വൈക്കത്ത് ഇവർ നടത്തിയ മൂന്ന് മോഷണക്കേസുകൾ കുടി തെളിയിക്കപെട്ടിട്ടുണ്ട്. 2017 ഏപ്രിൽ മാസം 9 ന ഇടയാഴംരാധാകൃഷ്ണൻ എന്നയാളിന്റെ വീട്ടിൽ നിന്നും വാതിൽ തകർത്തു അകത്തു കയറി 18gm തൂക്കം വരുന്ന 2 വള ,12gm മാല, മോതിരം എന്നിവ കൈക്കലാക്കി . അതിനു ശേഷം രമണി എന്നയാളിന്റെ വീട്ടിൽ നിന്നും 35000 രൂപ വില വരുന്ന സ്വർണ്ണം കവർച്ച ചെയ്തു. വൈക്കത്ത് തന്നെയുള്ള സുനിൽകുമാറിന്റെ വീട്ടിൽ നിന്നും ബൈക്ക് മോഷ്ടിച്ച അതിൽ തമിഴ് നാട്ടിലേക്കു രക്ഷപെട്ടു.

മോഷണ മുതലുമായി രക്ഷപ്പെട്ട് പോയ അരുൺരാജ് ശിവഗംഗയിലേക്ക് കടന്നതതായി സംശയിക്കുന്നു. ഇയാളെ പിടികൂടാനായി പ്രത്യേക പോലീസ് സംഘം ശിവഗംഗയിലേക്ക് തിരിച്ചിട്ടുണ്ട്.

തമിഴ് നാട്ടിൽ നിന്നും എത്തി ഇത്തരത്തിൽ കവർച്ചചെയ്യുന്ന മോഷ്ടാക്കൾ കൃത്യത്തിന് ശേഷം രാത്രി മുഴുവൻ എവിടെയെങ്കിലും പതുങ്ങിയിരുന്ന് നേരം പുലർന്ന ശേഷം കയ്യിൽ കരുതിയിരിക്കുന്ന വസ്ത്രം ധരിച്ച് പകൽ വെളിച്ചത്തിൽ രക്ഷപ്പെട്ടു പോവുകയാണു പതിവ്. ഇതറിയാവുന്ന പോലീസ് പാർട്ടി പുലരുന്നത് വരെ അയർക്കുന്നത്തു തന്നെ ക്യാമ്പു ചെയ്ത് വ്യാപക പരിശോധന നടത്തുകയും കൂടാതെ മോഷണ വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് പൊതുജനങ്ങളെ ജാഗ്രുകരാക്കുന്നതിനു വേണ്ടി പോലീസ് വാഹനം സൈറൺ മുഴക്കി പൊതു ജനങ്ങളെ ഉണർത്തി എല്ലാ വീടുകളിലും ലൈറ്റുകളിട്ട് പ്രതികൾ രക്ഷപ്പെടാനുള്ള അവരം ഇല്ലാ താക്കുകയും പ്രദേശമാകെ അരിച്ചു പെറുക്കിയുള്ള പരിശോധനയെ തുടർന്നാണ് പ്രതികളെ ഉടൻ വലയിലാക്കാന സാധിച്ചത്. ജനങ്ങളുടെ സമാധാന ജീവിതം തകർക്കുന്ന വലിയൊരു കവർച്ച സംഘത്തെ പിടികൂടുവാൻ പോലീസിന്റെ സമയോചിതമായ ഇടപെടലിലൂടെ സാധിച്ചു.

ഇതേ തുടർന്ന് അയർക്കുന്നം പോലീസ് സ്റ്റേഷനിൽ 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. റോയി പി.കെ തെക്കേചേനക്കൽ വീട് നീറിക്കാട് എന്നയാളുടെ വീട്ടിൽ കവർച്ചനടത്തിയതിനും ടിയാന്റെ ഭാര്യ ഡെയ്സിയെ ആക്രമിച്ചതിനുംഅയർക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നം.574/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.
2. കുഞ്ഞുമോൻ, ഇടപ്പള്ളി വീട്, നീറിക്കാട് എന്നയാളുടെ വീട്ടിൽ കവർച്ചനടത്തിയതിനും ടിയാന്റെ ഭാര്യ ശോഭനയെ ആക്രമിച്ചതിനും അയർക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നം.575/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.
3. ടിജോ കുരുവിള ,പായിത്തറവീട് , അമയന്നൂർ എന്നയാളുടെ വീട്ടിൽ നിന്നും ബൈക്ക് മോഷണം നടത്തിയതിന് അയർക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നം.576/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.
4. മോഹനൻ.പി.എൻ, ഇലവുങ്കൽ വീട്, നീറിക്കാട് എന്നയാളുടെ വീട്ടിൽ കവർച്ചാശ്രമം നടത്തിയതിനും അതിക്രമിച്ച് കയറിയതിനും അയർക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നം.577/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ഒപ്പ് ( 08.06.2017 )

ജില്ലാപോലീസ് മേധാവി

കോട്ടയം